**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1607** **19-01-2021 - ൽ മറുപടിയ്ക്ക്**

**നെടുമങ്ങാട് മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | **Shri A. C. Moideen**<br>**(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി)** | |
| (എ) | ലൈഫ് മിഷനിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ എത്ര വീടുകൾ നിർമ്മിച്ചു നൽകിയെന്ന് വ്യക്തമാക്കുമോ ; വിശദാംശം നൽകുമോ ; | (എ) | നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 1563 ഗുണഭോക്താക്കൾ കരാറിലേർപ്പെടുകയും അതിൽ 1405 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഭവനങ്ങൾ നിർമ്മാണ പുരോഗതിയിലാണ്. വിശദാംശം ചുവടെ ചേർക്കുന്നു (Answer in table format. Hence pls see the attached document) |
| (ബി) | നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ സ്ഥിരതാമസക്കാരായ ഭൂരഹിതർക്ക് വീട് വച്ച് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ രേഖാ പരിശോധന പൂർത്തിയാക്കി അർഹരായ ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭൂമി വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നിർവഹണം ആരംഭിച്ചിട്ടുണ്ട്. ഭൂമി ആർജിക്കുന്ന ഗുണഭോക്താക്കളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയോ വകുപ്പുകൾ മുഖേനയോ ഭൂമി ലഭ്യമാകുന്ന അർഹരായ ഗുണഭോക്താക്കളെയും ലൈഫ് രണ്ടാംഘട്ടത്തിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് കരാർ വച്ച് വീട് നൽകുന്ന നടപടികളും സ്വീകരിച്ചുവരുന്നു. നെടുമങ്ങാട് മുൻസിപ്പാലിറ്റിയിലെ അർഹരായ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി 138 സെൻറ്സ്ഥലത്ത് ഭവന സമുച്ചയ നിർമ്മാണത്തിനായുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1607 19/01/2021-ന് മറുപടിയ്ക്ക്

## നെടുമങ്ങാട് മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി

| ചോദ്യം<br>**ശ്രീ. സി. ദിവാകരൻ** | | ഉത്തരം<br>**ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
|---|---|---|---|
| ( എ ) | ലൈഫ് മിഷനിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ എത്ര വീടുകൾ നിർമ്മിച്ചു നൽകിയെന്ന് വ്യക്തമാക്കുമോ ; വിശദാംശം നൽകുമോ ; | (എ) | നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ വിവിധ തദേശസ്വയംഭരണ സ്ഥാപനങ്ങളിലായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 1563 ഗുണഭോക്താക്കൾ കരാറിലേർപ്പെടുകയും അതിൽ 1405 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഭവനങ്ങൾ നിർമ്മാണ പുരോഗതിയിലാണ്. വിശദാംശം ചുവടെ ചേർക്കുന്നു |

| തദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | കരാറിലേർപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | പൂർത്തീകരിച്ച വീടുകൾ | വിവിധ ഘട്ടങ്ങളിൽ നിർമ്മാണം പുരോഗമിക്കുന്ന വീടുകൾ |
|---|---|---|---|
| അണ്ടൂർക്കോണം | 167 | 132 | 35 |
| കരകുളം | 267 | 259 | 8 |
| മാണിക്കൽ | 397 | 350 | 47 |
| നെടുമങ്ങാട് മുൻസിപ്പാലിറ്റി | 83 | 76 | 7 |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>പോത്തൻ കോട്</td><td>214</td><td>199</td><td>15</td></tr>
<tr><td>വെമ്പായം</td><td>435</td><td>389</td><td>46</td></tr>
<tr><td>ആകെ</td><td>1563</td><td>1405</td><td>158</td></tr>
</table>
</td></tr>
<tr><td>( ബി)</td><td>നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ സ്ഥിരതാമസക്കാരായ ഭൂരഹിതർക്ക് വീട് വച്ച് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?</td><td>(ബി)</td><td>നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ രേഖാ പരിശോധന പൂർത്തിയാക്കി അർഹരായ ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭൂമി വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നിർവഹണം ആരംഭിച്ചിട്ടുണ്ട്. ഭൂമി ആർജിക്കുന്ന ഗുണഭോക്താക്കളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയോ വകുപ്പുകൾ മുഖേനയോ ഭൂമി ലഭ്യമാകുന്ന അർഹരായ ഗുണഭോക്താക്കളെയും ലൈഫ് രണ്ടാംഘട്ടത്തിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് കരാർ വച്ച് വീട് നൽകുന്ന നടപടികളും സ്വീകരിച്ചുവരുന്നു. നെടുമങ്ങാട് മുൻസിപ്പാലിറ്റിയിലെ അർഹരായ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി 138 സെൻറ്സ്ഥലത്ത് ഭവന സമുച്ചയ നിർമ്മാണത്തിനായുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ